# ഗവ. ഹൈസ്കൂൾ
# അരൂർ

## അക്കാദമിക് മാസ്റ്റർ പ്ലാൻ



GOVERNMENT HIGH SCHOOL * AROOR *

**ഉള്ളടക്കം**


1. ആമുഖം
2. HS തലം
3. UP തലം
4. LP തലം

# ആമുഖം

ആലപ്പുഴ ജില്ലയുടെ വടക്കേ അറ്റത്തായി സ്ഥിതിചെയ്യുന്ന അരൂർ ഗ്രാമപഞ്ചായത്തിലാണ് ഗവൺമെന്റ് ഹൈസ്കൂൾ അരൂർ സ്ഥിതി ചെയ്യുന്നത്. പഠനപാഠ്യേതര രംഗത്ത് ഒട്ടും പിന്നിലല്ല എന്ന് ഓരോ വർഷത്തെയും എസ്എസ്എൽസിയിൽ 100% വിജയം ചൂണ്ടിക്കാണിക്കപ്പെടുന്നു.സ്കോളർഷിപ്പ് പരീക്ഷകൾക്ക് മികവാർന്ന വിജയം നേടിവരുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമികരംഗത്തും,കലാരംഗത്തും,കായികരംഗത്തും,മികച്ച പ്രകടനം കാഴ്ചവയ്ക്കുവാൻ സ്കൂളിന് കഴിയുന്നു.വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. പെൺകുട്ടികൾക്കായി കരാട്ടെ തായ്ക്കോണ്ട പരിശീലനങ്ങളിലൂടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധത്തിനും സാധിക്കുന്നു.കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യം ഒരുക്കുന്നു.ഓരോ പ്രശ്നവും അപ്പപ്പോൾ വിലയിരുത്തുകയും പരിഹരിക്കുകയും ചെയ്യുന്നു. ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ, പൂർവ വിദ്യാർത്ഥികൾ,ജില്ലാ പഞ്ചായത്ത്,നാട്ടുകാർ ഇടങ്ങിയവരുടെ പൂർണ്ണ സഹകരണം ഉറപ്പ് വരുത്താൻ സ്കൂളിന് കഴിയുന്നുണ്ട്.

വിവിധ ക്ലബ്ബ് തല പ്രവർത്തനങ്ങൾ ഓരോ വർഷവും നടത്തപ്പെടുക വഴി അക്കാദമിക നിലവാരം ഉയർത്താനും കുട്ടികളുടെ എണ്ണം ഉയർത്താനും സാധിക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പൂർണ്ണ പിന്തുണയോടെ സ്കൂൾ മികച്ച പുരോഗതിയിലേക്ക് നടന്നടുക്കുന്നു. ഐസിടി സാധ്യത പ്രയോജനപ്പെടുത്തി അറിവിന്റെ കാണാപ്പുറങ്ങൾ തേടിയെത്താൻ കുട്ടികൾക്ക് കഴിയുന്നു.സ്കൂൾ രൂപപ്പെടുത്തുന്ന വികസന ലക്ഷ്യങ്ങൾ ഈ അക്കാദമിക മാസ്റ്റർപ്ലാനിലൂടെ നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം.

# GHS AROOR
## ACADEMIC MASTER PLAN 2022-2025
## SECTION : HS
## SUBJECT : MALAYALAM.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം. | ഭൗതികം. | ചുമതല. |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഗണിക്കൽ. | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മിക്കുക<br>• വാക്യങ്ങൾ നിർമ്മിക്കൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | രണ്ടുമാസം | പുസ്തകങ്ങൾ, ചിത്രങ്ങൾ | പിടിഎ അധ്യാപിക |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക. | • ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• ഗ്രന്ഥശാല അംഗത്വം<br>• പത്രവായന<br>• വയനാനുഭവം<br>• വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>• സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | ആറുമാസം | ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ. | പിടിഎ അധ്യാപിക. |

| | | | | |
|---|---|---|---|---|
| | • ഇ-വായന | | | |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | • എഴുത്തുകൂട്ടം രൂപീകരണം<br>• പുസ്തക ചർച്ച<br>• വായനാക്കുറിപ്പ് പതിപ്പ്<br>• വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>• പുസ്തകം തയ്യാറാക്കൽ<br>• വ്യക്തിഗത രചന<br>• ഭാഷാ പ്രോജക്ട്. | ആറുമാസം | ലൈബ്രറി പുസ്തകങ്ങൾ, ചിത്രങ്ങൾ | പിടിഎ അധ്യാപിക. |
| 4. സദസിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | • പ്രസംഗ പരിശീലന കളരി<br>• വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>• പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ കേൾപ്പിക്കുന്നു<br>• പ്രസംഗ അവതരണ വേദി സജ്ജമാക്കുക. | 6 മാസം | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

# GHS AROOR
## ACADEMIC MASTERPLAN [illegible]
## SECTION : HS
## SUBJECT : ENGLISH

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ പഠനം... ഒഴുക്കോടെ ഇംഗ്ലീഷ് എഴുതാനും സംസാരിക്കാനും അവസരം നൽകാൻ | • കുട്ടികളുമായി ഇംഗ്ലീഷിൽ അനൗപചാരിക സംഭാഷണം.<br>• ഇംഗ്ലീഷ് പത്രവായന<br>• ലാംഗ്വേജ് ഗെയിം<br>• ലളിതവും രസകരവുമായ ഇംഗ്ലീഷ് ഭാഷ റെക്കോർഡ് ചെയ്യുന്നു.<br>• ക്ലാസിൽ ഇംഗ്ലീഷ് നോട്ടീസ് ബോർഡ്.<br>• ഇംഗ്ലീഷ് അസംബ്ലി. | പ്രതിദിനം /പ്രതിമാസം /ആഴ്ചയിൽ ഒരു ദിവസം. | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് സർഗാത്മക രചന... ഇംഗ്ലീഷ് പദ സമ്പത്ത് വർദ്ധിപ്പിക്കൽ. ഇംഗ്ലീഷ് ആശയവിനിമയം. | • ക്ലാസ് ലൈബ്രറി<br>• വായന മത്സരങ്ങൾ<br>• ഇംഗ്ലീഷ് സർഗ്ഗവേള<br>• ചുമർ പത്രങ്ങൾ<br>• ഡിക്ഷണറി<br>• വായന കാർഡുകൾ. | | | |
| പുസ്തക നിരൂപണവും പദപ്രശ്നം | • പുസ്തകങ്ങൾ നിർദ്ദേശിച്ച് കുറിപ്പ് തയ്യാറാക്കി. | | | |

| | | | | |
|---|---|---|---|---|
| നിർമ്മാണ വും.. വായനയും കളിയിലൂടെ ഭാഷാ പഠനം. | • അവതരിപ്പിക്കുന്നു<br>• പദപ്രശ്നങ്ങൾ നൽകിയ ഉത്തരം കണ്ടെത്താൻ അവസരം നൽകുന്നു.<br>• സമ്മാനം നൽകുന്നു | | | |
| ഇംഗ്ലീഷ് ഭാഷാഭരണം പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക്... ഇംഗ്ലീഷ് ഭാഷ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെയും പഠന വൈകല്യമുള്ള വരെയും പഠന പ്രവർത്തന ങ്ങളിൽ ഉൾപ്പെടുത്തു ന്നു. | • കഥകൾ വാക്കുകൾ എന്നിവയുടെ വീഡിയോ പ്രസന്റേഷൻ, പിക്ചർ കാർഡുകൾ,ചാർട്ടുകൾ എന്നിവയിലൂടെ പഠനം രസകരമാക്കുന്നു.<br>• ഓരോ മാസവും കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നു. | | | |

# GHS AROOR
## ACADEMIC MASTER PLAN : [illegible]
## SECTION : HS
## SUBJECT : HINDI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | കഥവായന,കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | |
| 2.മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ,സിനിമകൾ എന്നിവ കാണുവാൻ അവസരം നൽകുന്നു.<br><br>ഹിന്ദി തീയറ്ററുകൾ സജ്ജീകരിക്കുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | |
| 3.വിവർത്തകർ, വായനക്കാർ, ജേണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷ ആയിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു.<br><br>പ്രശസ്ത ജേർണലിസ്റ്റുകളുമാ യുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ഹിന്ദി അധ്യാപിക<br><br>ഹിന്ദി അധ്യാപിക | രക്ഷിതാക്കൾ<br><br>പി ടി എ |

# GHS AROOR
## ACADEMIC MASTER PLAN [illegible]
## SECTION : HS
## SUBJECT : MATHS.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| 1. ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കുക | ഗണിത പരിഹാര പ്രശ്നങ്ങൾ അഭ്യസിപ്പിക്കുക, നിത്യജീവിതവുമായി ബന്ധപ്പെട്ട് കൊണ്ടുള്ള പഠനം. | ദീർഘ കാലം | ഗണിത അധ്യാപിക | |
| 2. ഗണിത അഭിരുചി വർദ്ധിപ്പിക്കൽ. | ഗണിത ക്വിസ്, ജോമട്രിക് ചാർട്ട്, 'ഗണിതം നിത്യജീവിതം' സെമിനാർ, ഗണിത പാട്ടുകൾ, കുസൃതി കണക്കുകൾ, ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടൽ, ഗണിത ക്ലബ്, ഗണിതഅസംബ്ലി. | അധ്യയന വർഷത്തിന്റെ പകുതി | ഗണിത അധ്യാപിക, ക്ലബ് അംഗങ്ങൾ | |
| 3. ഐസിടി സാധ്യതയിലൂടെയുള്ള പഠനം. | സമഗ്ര റിസോഴ്സസ്, ജിയോജിബ്ര തുടങ്ങിയവ ഉപയോഗിച്ചുള്ള പഠനം | | | |
| 4. ചതുഷ്ക്രിയ ഉറപ്പാക്കൽ. | ഗണിത കളികളിലൂടെയും, വർക്ക്ഷീറ്റുകളിലൂടെയും | | | |
| 5. ബീജഗണിതം ആസ്വാദ്യമാക്കാം | പ്രായോഗിക പ്രശ്നങ്ങൾ ബീജഗണിതം ഉപയോഗിച്ച് വിശദീകരിക്കുന്നു. ഗണിത പുസ്തകങ്ങൾ | 2മാസം | | |

| | | | | |
|---|---|---|---|---|
| | പരിചയപ്പെടുത്തുന്നു.<br>(eg. ലീലാവതി) | | | |
| 6.<br>പ്രശ്നനിർധാരണം സാധ്യമാക്കൽ. | സമാന രീതിയിലുള്ള ഗണിത പ്രശ്നങ്ങൾ വിവിധ നിലവാരത്തിൽ ഉള്ളത് പരിശീലിപ്പിക്കുന്നു. | | | |

# GHS AROOR
## ACADEMIC MASTER PLAN 2024-2025
## SECTION : HS
## SUBJECT : SCIENCE

| ക്ര.ന. | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഇന്ത്യയുടെ ചാന്ദ്രദൗത്യങ്ങൾ എന്ന വിഷയത്തെപ്പറ്റി സെമിനാർ സംഘടിപ്പിക്കുന്നു. | ഇന്ത്യയുടെ ചാന്ദ്രദൗത്യങ്ങൾ ആയ ചന്ദ്രയാൻ 1 2 3 എന്നിവയെ കുറിച്ച് കുട്ടികളിൽ അറിവ് ഉണർത്തുന്ന വിധത്തിൽ ക്ലാസുകളിൽ സെമിനാർ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പിടിഎ |
| 2. | പീരിയോഡിക് ടേബിൾ ഒരു പഠനം. | പീരിയോഡിക് ടേബിളിലെ മൂലകങ്ങൾക്ക് പേര് വന്ന വഴി എന്ന വിഷയത്തിൽ അസൈമെന്റ് തയ്യാറാക്കൽ. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പിടിഎ |
| 3. | ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം മാഗസിൻ. | ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രവും അവരുടെ കണ്ടെത്തലുകളും ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പിടിഎ |
| 4. | രാസവസ്തുക്കളുടെ | പ്ലാസ്റ്റർ ഓഫ് പാരീസ് ഉപയോഗിച്ച് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പിടിഎ |

| | | | | | |
|---|---|---|---|---|---|
| | വ്യവസായിക മേഖലയിലെ പ്രാധാന്യം മനസ്സിലാക്കാൻ ചോക്ക് നിർമ്മാണം. | സ്കൂളിലെ ആവശ്യമായ ചോക്ക് നിർമ്മിച്ചു നൽകൽ. | | | |
| 5. | എൽഇഡി ബൾബ് നിർമ്മാണ ശില്പശാല. | പത്താം ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ടത്തി കുട്ടികൾക്ക് എൽഇഡി ബൾബുകളുടെ നിർമ്മാണ രീതികൾ മനസ്സിലാക്കാൻ പറ്റുന്ന ശില്പശാല. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പിടിഎ |
| 6. | പ്ലാസ്റ്റിക് നിരോധിത സ്കൂൾ അന്തരീക്ഷം. | പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുകയും അതിന്റെ ഉപയോഗം കുറയ്ക്കുകയും ഒരു പ്ലാസ്റ്റിക് നിരോധിത സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്. | പിടിഎ |
| 7. | ക്ലാസുകളിൽ ശാസ്ത്ര മാസിക പ്രദർശനം. | ശാസ്ത്രമേഖലയിലെ പുസ്തകങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുവാൻ ലൈബ്രറിയിൽ ശാസ്ത്രമാസികളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപിക | പിടിഎ |

| | | | | | |
|---|---|---|---|---|---|
| | | സംഘടിപ്പിക്കുന്നു. | | | |
| 8. | ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | മായം കലർന്ന പച്ചക്കറിയുടെ ഉപയോഗം എല്ലാവരെയും രോഗാവസ്ഥയിൽ എത്തിക്കുന്നു എന്ന ആശയം കുട്ടികളിൽ എത്തിക്കുകയും സ്വയംകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം. | സയൻസ് ക്ലബ്ബ്. | പിടിഎ |

## GHS AROOR
## ACADEMIC MASTER PLAN
## SECTION : HS
## SUBJECT : SOCIAL SCIENCE.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1.പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് / virtual ട്രിപ്പ് സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനും നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 2. ജനാധിപത്യം ഒരു ജീവിതശൈലി ആക്കി മാറ്റിയെടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സമൂഹ സേവനം ഇവയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ. | സാമൂഹ്യശാസ്ത്ര അധ്യാപിക. | സ്കൂൾ കുട്ടികൾ സുമനസ്സുകൾ. |
| 3.സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശക്കാഴ്ചകൾ കൗതുകം വളർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. | വർഷം മുഴുവനും | | |

| | | | | |
|---|---|---|---|---|
| 4. മതേതരത്വം സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തന ങ്ങളിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താ ക്കളെ പരിചയപ്പെട്ട ക. | സർവ്വേ പ്രോജക്ട് ചർച്ചകൾ സംവാദം ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളിലെ സാമൂഹ്യബോധം വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്. | |
| 5.ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥലം നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കു ക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു.ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. അറ്റ്ലസ്,മാപ്പുകൾ,ഗ്ലോ ബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും. | സാമൂഹ്യശാ സ്ത്ര അധ്യാപിക. | |
| 6.കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാ ൻ ഉതകുന്ന പൊതുവി ജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക.വീഡിയോ | വർഷം മുഴുവനും | സാമൂഹ്യശാ സ്ത്ര അധ്യാപിക. | |

| | | | | |
|---|---|---|---|---|
| | പ്രദർശന.(ചരിത്ര സിനിമ പ്രദർശനം ) | | | |

# GHS AROOR
## ACADEMIC MASTERPLAN 2024-2025
## SECTION : UP
## SUBJECT : MALAYALAM

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം- പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ കവിത, യാത്രാനുഭവം അനുഭവക്കുറിപ്പ് )അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷ കേളി- അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്- അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് | ജൂൺ മാസം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഉറപ്പുവരുത്തുക | പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | | | |
| | വാർത്താ ലോകത്തേക്ക്- പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| | വാർത്താ വായന നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ മൂന്ന് പ്രാവശ്യം. (Termly) | മലയാളം ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| 3.സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുന്ന വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം മുഖാമുഖം - സാഹിത്യകാരന്മാർ എഴുത്തുക കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ടു പ്രാവശ്യം | ഹെഡ്മാസ്റ്റർ,മലയാളം അധ്യാപകൻ | പി ടി എ |
| 4.സർഗ്ഗശേഷി വളർത്തൽ. | മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | മലയാളം ഐടി അധ്യാപകർ | മലയാളം ക്ലബ്ബ് |
| 5. പഠിതാക്കളുടെ കലാമാസനകളെ പരിപോഷിപ്പിക്കൽ | രംഗവിഷ്കാരം - പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചോൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റു കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക വർഷം | പി ടി എ സ്കൂൾ | പി ടി എ |

| | | | | |
|---|---|---|---|---|
| 6. കുട്ടികളുടെ അവതരണമികവ്.(FM) | വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ച ആസ്വാദനം തയ്യാറാക്കിയ അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന് പിന്നീട് എല്ലാ ദിവസവും | ക്ലാസ് ലീഡർമാർ സ്കൂൾ ലീഡർ മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പിടിഎ. |

# GHS AROOR

## ACADEMIC MASTER PLAN [illegible]

## SECTION : UP

## SUBJECT : ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾക്കുന്നു | July | English teacher | English club |
| | Follow Me If You Can- ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു | June | English teacher | |
| | Breaking news - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.ശരിയായ ഉച്ചാരണം ശ്രമിക്കുവാൻ അവസരം ഒരുക്കുന്നു. | November | English teacher | |
| | Missing man - അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് | June | English teacher | |

| | | | | |
|---|---|---|---|---|
| | കുട്ടികളെ കേൾപ്പിക്കുന്നു,തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു.അധ്യാപികയുടെ ഭാഗം മറ്റു കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | | | |
| | Meet the foreigner - തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം നൽകുന്നു. | വർഷത്തിൽ ഒരുതവണ | English teacher | |
| | One man show - ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | October | English teacher | |
| 2. ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I too can - വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു.തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്ന് സങ്കീർണ്ണമായതിലേക്ക്) | July | English teacher | |

| | | | | |
|---|---|---|---|---|
| | Learning ladder - പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്ന വർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും,ഒളി ഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | Septembe r | English teacher | |
| | Reader of the month- ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി,Reader of the month നെ ആദരിക്കുന്നു.<br><br>FM corner - വ്യത്യസ്തമായ കഥകൾ Readers theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | മാസം തോറും | English teacher | |
| 3.തെറ്റുകൂടാതെ English എഴുതുവാൻ പ്രാപ്തരാക്കുന്നു | My droplets - കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | English teacher | |

| | | | | |
|---|---|---|---|---|
| | Alert zone - സൂചന ബോർഡുകൾ, പോസ്റ്ററുകൾ,നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും ആയി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | English teacher | |
| | Fun time - കടംകഥകൾ,കുസൃതി ചോദ്യങ്ങൾ,ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും. | English teacher | |
| 4.ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Ground Camp - ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിൽ ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസുകളിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ടു വരാൻ അവസരം ഒരുക്കുന്നു. അഞ്ചാം ക്ലാസിനായി കഥയെഴുത്ത്,ആറിന് Roleplay എന്നിവ പ്രച്ഛന്ന വേഷരായി | പർഷാവസാനം | English teacher, PTA ഭാരവാഹികൾ, രക്ഷിതാക്കൾ. | |

| | | | | |
|---|---|---|---|---|
| | നടത്തുന്നു. | | | |

**GHS AROOR**
**ACADEMIC MASTER PLAN**
**SECTION : UP**
**SUBJECT : HINDI**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5 6 7 ക്ലാസ്സ് അക്ഷര ബോധം ഉറപ്പിക്കുക. ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചു എടുക്കുക. | പുതിയ പാഠങ്ങൾ,പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കിക്കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, ICT ഉപയോഗിച്ച് അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| ഹിന്ദി വായന : തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ ഐസിടി ഉപയോഗിച്ച് താഴെ ഹിന്ദിയിൽ വാക്യം ഉള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| ഹിന്ദി സംസാരം : ഹിന്ദിയിൽ സംസാരിക്കാനുള്ള | ഹിന്ദിയിൽ മാത്രം തിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |

| | | | | |
|---|---|---|---|---|
| കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും | ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും<br><br>വായനസ്സ്.....<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br><br>**Readery fight....**<br>മത്സര വായന തെറ്റാതെ ആവർത്തിക്കാതെ പാസ് ഇല്ലാതെ കൂടുതൽ വരി വായിക്കണം ആ കുട്ടിക്ക് സമ്മാനം നൽകും. | | | |

# GHS AROOR
## ACADEMIC MASTER PLAN [illegible]
## SECTION : UP
## SUBJECT : MATHEMATICS.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1: അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ഗണിത ശില്പശാല - കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്,മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്) | ജൂൺ മാസം | ഗണിത അധ്യാപിക | |
| 2: രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | ഒറിഗാമി ശില്പശാല.- ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കൽ അവയുടെ ഗണിത സവിശേഷത പട്ടികപ്പെടുത്തൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപിക | |
| 3: ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ | പ്രദർശനം നടത്തൽ- ക്ലാസ്സ് മുറികളിൽ ഗണിത ലാബ് സജ്ജമാക്കൽ,അത് ഉപയോഗപ്പെടുത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപിക ,ഗണിത ക്ലബ്ബ് അംഗങ്ങൾ. | |
| 4: മേഖലയിൽ കുട്ടികളുടെ | ഗണിത ഗ്രാമം- ഗണിതത്തിൽ പ്രാവീണ്യമുള്ള | വർഷത്തിൽ അഞ്ചോ | ഗണിത അധ്യാപിക , | പിടിഎ |

| | | | | |
|---|---|---|---|---|
| താല്പര്യം വർദ്ധിപ്പിക്കൽ | അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് (മറ്റു വിദ്യാലയങ്ങൾ മറ്റു മേഖലകൾ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | ആറോ തവണ | ക്ലബ്ബ് ലീഡർമാർ | |
| 5: ആധുനിക ഗണിതശാസ്ത്ര സാങ്കേതികവിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തൽ. | ഐടി സാധ്യതകളിലൂടെ- ജാമിതീയ രൂപങ്ങൾ ചതുഷ്ടിയകൾ ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐസിടിയും ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപിക | |
| 6: ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിത ക്ലിനിക്ക് - ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന മറ്റ് കുട്ടികളും ചേർന്ന് വേണ്ട മാർഗം നിർദ്ദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |
| 7: വിവിധ ശേഷികളുടെ വികസനം. | ദിനാചരണം- ജൂൺ മുതൽ നടത്തേണ്ട (മാർച്ച് വരെ ) ദിനാചരണങ്ങളുമായി ബന്ധപ്പെട്ട | ആവശ്യാനുസരണം | എസ് ആർ ജി | |

| | | | | |
|---|---|---|---|---|
| | പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | | | |

# GHS AROOR
## ACADEMIC MASTER PLAN , [illegible]
## SECTION : UP
## SUBJECT : SCIENCE.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>നിശാഗന്ധി</u>- ജൈവവൈവിധ്യ പാർക്ക്,ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം,ശലഭോദ്യാനം, കുളം,ജൈവവേലി മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ,ഊർജ്ജ ക്ലബ്ബ്,സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | PTA |
| | <u>കണ്ടറിയാൻ ഒരു യാത്ര</u>.- വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ,ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ, സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്ര അധ്യാപകർ,ഊർജ്ജ ക്ലബ്ബ്,സയൻസ് ക്ലബ്ബ്,ഹെൽത്ത് ക്ലബ്. | രക്ഷിതാക്കൾ |
| | <u>പരീക്ഷണക്കളരി</u> - നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ,ഊർജ്ജ ക്ലബ്ബ്,സയൻസ് | |

| | | | | |
|---|---|---|---|---|
| | രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | | ക്ലബ്ബ്,ഹെൽത്ത് ക്ലബ്. | |
| 2. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ | <u>മാസ്റ്റർ മൈന്റ്</u> - ഊർജ്ജ ക്ലബ്ബ് ആരോഗ്യ ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ഊർജ്ജ ക്ലബ്ബ്,സയൻസ് ക്ലബ്ബ്,ഹെൽത്ത് ക്ലബ്. | |
| | <u>എക്സ്പ്ലോ -എക്സ്പ്ലോർ.....</u> ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | Science club |
| | <u>യുറേക്ക</u> - കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രം ആശയങ്ങൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | നിർമ്മിക്കുന്നു. | | | |
| | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |
| 3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെട്ടത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | വിസ്മയ യാത്ര -<br>ഐ സി ടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

## GHS AROOR
## ACADEMIC MASTER PLAN [illegible]
## SECTION : UP
## SUBJECT : SOCIAL SCIENCE.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട് - കളിയിൽ നിന്ന്... സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു.<br><br>ഓർമ്മച്ചെപ്പ് - അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂ പ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ ഇടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ)<br><br>അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപിക<br><br>സാമൂഹ്യശാസ്ത്ര അധ്യാപിക | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുന്നു . | Virtual field trip. ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപിക | |

| | | | | |
|---|---|---|---|---|
| | വളർത്തുന്നു. | | | |
| 3.ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്- ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| 4.സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നറുങ്ങുവെട്ടം- പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച്,വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു.കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ എത്തിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപിക, എസ് എസ് ക്ലബ്. | പിടിഎ |
| 5. വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങൾ റോഡ് സുരക്ഷ തുടങ്ങിയവയെ കുറിച്ച് ബോധവാന്മാരാ | വേണം ഈ വലയിൽ നിന്നും മോചനം - സൈബർ സുരക്ഷാ ഉദ്യോഗസ്ഥർ,ട്രാഫിക് പോലീസ് ഇടങ്ങിയവരുടെ സഹായത്തോടെ കുട്ടികൾക്കും റോഡ് സുരക്ഷ,സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, എസ് എസ് ക്ലബ്. | |

| | | | | |
|---|---|---|---|---|
| ക്കുക. | | | | |
| 6. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | അറിവിന്റെ മാസ്മരിക ലോകത്തിലേക്ക് - സിവിൽ സർവീസ് പരീക്ഷ പോലെയുള്ളവ നേടും വിധം മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന തരത്തിൽ ചോദ്യോത്തര വേളകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ എസ് എസ് ക്ലബ് | വിവിധ ക്ലബുകൾ സംയോജിപ്പിച്ച്. |

# GHS AROOR
## ACADEMIC MASTER PLAN [illegible]
## STD : 1
## SUBJECT : MALAYALAM.

---

ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിൽ എല്ലാ കുട്ടികളെയും എഴുതുവാനും വായിക്കുവാനുമുള്ള ശേഷിയുള്ളവരാക്കുക.
- എല്ലാ കുട്ടികളും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരെ സഹായം കൂടാതെ ലഘുവാക്യങ്ങളിൽ എഴുതുവാൻ പ്രാപ്തരാക്കുക.
- പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു.
- പത്രം തയ്യാറാക്കുന്നു.
- സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന | * ചിത്ര വായന<br>* വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>* വായനാ മൂലക്കൽ ഒരുക്കൽ.<br>* പത്ര വായന<br>* വായന കാർഡ് തയ്യാറാക്കൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ലേഖനം | * ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.<br>* സചിത്ര ബുക്ക്<br>* സംയുക്ത ഡയറി എഴുത്ത്.<br>* ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തുന്നു, അക്ഷരം എഴുതുന്നു.<br>* ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തുന്നു, എഴുതുന്നു.<br>* സാങ്കൽപ്പിക ഡയറി എഴുതുന്നു.<br>* വരികൾ കൂട്ടിച്ചേർക്കുന്നു.<br>* ചിത്രം നൽകി അതിൽ നിന്നും കഥ ഉണ്ടാക്കുന്നു, എഴുതുന്നു.<br>* സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു. | വർഷം മുഴുവൻ<br><br>മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ<br><br>HM<br>ക്ലാസ് ടീച്ചർ | |
| കലാ വിദ്യാഭ്യാസം.(അരങ്ങനാദവം) | *പാട്ടിനും ആശയത്തിനും താളാത്മകമായ ശബ്ദത്തിന് അനുസൃതമായി നൃതനാവിഷ്കാരം നടത്തുക.<br>* വായിച്ച കഥയിലെ കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾ റോൾപ്ലേയിലൂടെ അവതരിപ്പിക്കുക. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| കലാ വിദ്യാഭ്യാസം (വരയനുഭവം) | * സ്വതന്ത്രമായി ചിത്രരചന നടത്തുക. * വിവിധ പ്രതലങ്ങളിൽ വരച്ച് നിറം നൽകുക. * കൊളാഷ് ചിത്രങ്ങൾ നിർമ്മിക്കുക. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| കലാ വിദ്യാഭ്യാസം (നിർമ്മാണ നുഭവം) | * നിർദ്ദേശങ്ങൾക്ക് അനുസരിച്ച് സൂക്ഷ്മപേശീ വികാസത്തിന് സഹായകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. * കത്രിക പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

## GHS AROOR

## ACADEMIC MASTER PLAN [illegible]

## SECTION : LP , 1

## SUBJECT : ENGLISH

**AIMS -**

# Give more chances to hear English language for language acquisition.

# To speak, read and write English without any mistakes.

| Aims | Activities | Time | Support | Financial support |
|---|---|---|---|---|
| Skills | # To develop listening skills and reading skills.<br># description, growing sentences,picture reading, riddles. | | | |
| Listening Skills | # Teacher interaction (tal in English.<br># English cartoons<br># English stories<br># Roleplays<br># games | | | |
| Speaking skills | # Speak simple sentences,<br># Conversation,<br># Roleplay,<br># Story telling,<br># Skits. | Whole year | Teacher & parents | SSA |
| Reading skills | # Reading breaking news,<br># Find words from reading material.<br># Rhyming words. | | | |

| | | | | |
|---|---|---|---|---|
| Writing skills | # Make word web<br># Word chain | | | |

# GHS AROOR.

## ACADEMIC MASTER PLAN [illegible]

## SECTION : LP

## CLASS : 1

## SUBJECT : MATHS

| ലക്ഷ്യം. | പ്രവർത്തനം. | കാലം. | പിന്തുണ. | സാമ്പത്തിക സ്രോതസ്സ്. |
|---|---|---|---|---|
| സംഖ്യാബോധം | • സംഖ്യകൾ തിരിച്ചറിയാൻ പ്രവർത്തനം<br>• സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു<br>• സംഖ്യാ കാർഡ് നിർമ്മിക്കൽ | ഒരു വർഷം. | Teachers.<br>രക്ഷിതാക്കൾ | |
| ഗണിത കിറ്റ് | • ഗണിത പഠനത്തിനും സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു | | | |
| വലിയ സംഖ്യ ചെറിയ സംഖ്യ | • ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ.<br>• വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം | | | |
| സങ്കലനക്രിയ | • സംഖ്യാ ഗാനങ്ങൾ | | | |

| | | | | |
|---|---|---|---|---|
| കൾ | ആസ്വദിക്കൽ.<br>• രണ്ടക്ക സംഖ്യകൾ തമ്മിൽ സംഘടിതക്രിയകൾ ചെയ്യൽ.(ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും.) | | | |
| ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ | • ഒറ്റ സംഖ്യകൾ ഇരട്ടസംഖ്യകൾ തിരിച്ചറിയൽ.<br>• ഒന്നിടവിട്ട് സംഖ്യകൾ ഒറ്റസംഖ്യ ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ് ഉണ്ടാക്കൽ. | | | |
| സംഖ്യാ ഗാനങ്ങൾ | • സംഖ്യാ ഗാനങ്ങൾ പാടുന്നു.<br>• ഗണിത പ്രവർത്തനങ്ങൾ ആസ്വാദകരമാകുന്നു | | | |
| വർക്ക് ഷീറ്റ് | • നമ്പർ ബുക്ക് തയ്യാറാക്കൽ. | | | |
| വ്യവകലന പ്രവർത്തനങ്ങൾ | • ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന | | | |

| | | | | |
|---|---|---|---|---|
